# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 59

08.02.2016 -ൽ മറുപടി
നൽകേണ്ടിയിരുന്നത്

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരുടെ സംവരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ടി.എ.റഹീം | മുഖ്യമന്ത്രി |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് 1996 മുതൽ പ്രാബല്യത്തോടെ സംവരണം നൽകണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനോടാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ബി) അംഗപരിമിതർക്ക് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ 3% സംവരണം 1996 മുതൽ നൽകിയും 100 പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിൽ 33,66,99 എന്നീ ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1,34,67 ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ച് കൊണ്ടും 06.05.2017 -ൽ സ.ഉ.(പി) നം.8/17/സാ.നീ.വ. പ്രകാരം സാമൂഹ്യ നീതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

105425
9/5/17

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-അംഗപരിമിതർക്ക് പി.എസ്.സി മുഖേനയുള്ള നിയമനങ്ങളിൽ 3% സംവരണം 1996 മുതൽ നൽകിയും 100 പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിൽ 33, 66, 99 എന്നീ ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1, 34, 67 ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(പി)നം.8/17/സാ.നീ.വ തിരുവനന്തപുരം, തീയതി 6.5.2017

പരാമർശം- 1. 14.7.2008 ലെ G.O(P)No.20/98/P & ARD നമ്പർ ഉത്തരവ്
2. 19.7.2008 ലെ സ.ഉ(പി)നം.46/2008/സാ.ക്ഷേ.വ നമ്പർ ഉത്തരവ്
3. 24.1.2011 ലെ സ.ഉ(പി)നം.7/2011/സാ.ക്ഷേ.വ നമ്പർ ഉത്തരവ്
4. പി.എസ്.സി യുടെ 30.8.2016 ലെ A VIII(1)4068/03/GW നമ്പർ കത്ത്
5. OM.No.36035/3/2004/Estt (Res) dated 29.12.2005 of Ministry of Personnel, Public Grievances & Pensions, Department of Personnel , Government of India
6. 16.12.2016 ലെ OA.No.2499/16 ന്റെ വിധിന്യായം
7. OA(EKM)No.654/2015, OA(EKM)No.539/2016 തുടങ്ങി സമാന കേസുകളിലെ വിധിന്യായങ്ങൾ

## ഉത്തരവ്

1995 ലെ PWD Act വകുപ്പ് 33 അനുസരിച്ച് സംസ്ഥാന സർക്കാരിന്റെ ക്ലാസ്സ് 3, 4 നിയമനങ്ങളിൽ 3% സംവരണം ഭിന്നശേഷിക്കാർക്ക് ഉറപ്പാക്കി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2 പ്രകാരം പി.എസ്.സി റാങ്ക് ലിസ്റ്റിലെ സംവരണ പോയിന്റുകൾ 33,66,99 എന്നാക്കി നിശ്ചയിച്ചുകൊണ്ടും (i) Blind or Low vision (ii) Hearing impairment (iii) Locomotor disability or cerebral palsy എന്നീ വിഭാഗങ്ങളിലുള്ള ഭിന്നശേഷിക്കാർക്കായി നീക്കിവച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1.1.2004 മുതൽ 31.12.2007 വരെയുള്ള കാലയളവിലെ ബാക്ക് ലോഗ് കണ്ടെത്തി സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ അംഗപരിമിതരുടെ നിയമനം നടത്താൻ പി.എസ്.സിയെ ചുമതലപ്പെടുത്തി പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു.

പരാമർശം ആറിലെയും ഏഴിലെയും വിധിന്യായത്തിൽ അംഗപരിമിതർക്ക് 3% സംവരണം ഉറപ്പ് വരുത്തി 1996 മുതലുള്ള ബാക്ക് ലോഗ് വേക്കൻസികൾ കണ്ടെത്തുവാനും 33, 66, 99 എന്ന റോസ്റ്റർ പോയിന്റിൽ മാറ്റം വരുത്തി 1, 34, 67 എന്നാക്കി മാറ്റുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു:സുപ്രീംകോടതിയുടെ SLP.No.14889 of 2009 ലെയും Civil Appeal No.9096/2013 ലെയും വിധിന്യായത്തിന്റെയും വിവിധ കോടതി വിധികളുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തിന്റെയും സൂചന 5 ലെ കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടത്തിന്റെയും വെളിച്ചത്തിൽ സർക്കാർ/അർദ്ധ സർക്കാർ/ സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ/ സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ

നിയമനങ്ങളിൽ നിലവിൽ ഭിന്നശേഷിക്കാർക്കായുള്ള 100 പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിലെ 33, 66, 99 എന്നീ ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1, 34, 67 എന്നീ ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ചും PWD Act നിലവിൽ വന്ന തീയതിയായ 7.2.1996 മുതൽ അംഗപരിമിതർക്ക് കേഡർ സ്ട്രെങ്തിന്റെ 3% സംവരണത്തിന് അംഗീകാരം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി വിഷയം സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
മിനി ആന്റണി ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, ബ്രാഞ്ച് ഓഫീസ്, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പധ്യക്ഷന്മാർക്കും
എല്ലാ അർദ്ധ സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ/ സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിൽ സാമ്പത്തിക സഹായം കൈപ്പറ്റുന്ന സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർക്കും
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വെബ്സൈറ്റ്
ഉദ്യോഗസ്ഥ വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ